## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3244

20/06/2014-ൽ മറുപടിക്ക്

'ആശ്രയ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ എം. പി. വിൻസെന്റ് :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ജോസഫ് വാഴക്കൻ : | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് 'ആശ്രയ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടു ണ്ടോ വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷമാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ക ണ്ടെത്തി പുന രധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme). |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എ ന്തെല്ലാ മാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് ക ണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങിയവ വിവിധ സർക്കാർ/സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സമൂഹത്തിലെ അശരണരായവിധവകൾക്കും മാരക രോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | ആശ്രയ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങളുടെയും അധിക ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരംഅർഹതയുള്ളവരാണെങ്കിൽ അശരണരായ വിധവകളെയും മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവരെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അർഹമായ ആനുകൂല്യങ്ങൾ അതായത് പാർപ്പിടം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണം, വസ്ത്രം, മരുന്ന്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | ആശ്രയ പദ്ധതി നടപ്പിലാക്കുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ്. ടി സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിന് ഒരു ചാർജ്ജ് ഓഫീസർ ഉണ്ട്. കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പഞ്ചായത്തിലെ അസി.സെക്രട്ടറി മാരാണ് ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുന്നത്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ജില്ലാതല റിവ്യു മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പടെയുള്ള വിവിധ നടപടികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ പ്രോജക്ട് രുപീകരണത്തിനായി 2 റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ